ഉത്തരം

(എ) പയ്യന്നൂരിലെ കക്ക ഉപയോഗിച്ച് ഒരു മിനി സിമൻറ് പ്ലാൻറ് സ്ഥാപിക്കുന്നത് സംബന്ധിച്ച അന്വേഷണങ്ങൾ പൂർത്തിയായിട്ടില്ല. അതിനാൽ അന്തിമമായ തീരുമാനമെടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ചെമ്മനാകരി-മാറപ്പുറമ്പ് റോഡിൻെറ പണി

889 [1405] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മണ്ഡലത്തിൽപ്പെട്ട ചെമ്മനാകരി-മാറപ്പുറമ്പ് റോഡിൻെറ പണി ഉടനെ ആരംഭിക്കണമെന്ന് കാണിച്ച് പഞ്ചായത്തിൻെറ നിവേദനം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്തു തീരുമാനം എടുത്തു;

(സി) ഈ വർഷം തന്നെ പ്രസ്തുത റോഡിൻെറ പണി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിവേദനം ലഭിച്ചതായി കാണുന്നില്ല.

(ബി) 'എ' വിഭാഗത്തിൻെറ ഉത്തരം കാണുക.

(സി) 'ഫാമിൻ റീലീഫ്' പദ്ധതിയിൽ ഉൾക്കൊള്ളിച്ചു കൊണ്ട് ഈ ജോലി ഏറെറടുത്ത് നടത്തി വരുന്നു.

യോഹന്നാന് സാമ്പത്തിക സഹായം

890 [1406] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ ചികിൽസയിൽ കഴിയുന്ന പ്രസിദ്ധ സ്പോർട്സ്താരമായ ശ്രീ. യോഹന്നാന് സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം ചെയ്തിട്ടുണ്ടോ;

(ബി) ഇന്നത്തെ അദ്ദേഹത്തിൻെറ രോഗസ്ഥിതിയെപ്പററി സർക്കാർ അന്വേഷിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അദ്ദേഹത്തിൻെറ ഇപ്പോഴത്തെ സ്ഥിതി എന്ത്;

(ഡി) കൂടുതൽ വിദഗ്ദ്ധ ചികിൽസ ആവശ്യമാണെന്ന വിവരം ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) അമേരിക്കയിൽ ചികിൽസയ്ക്ക് പോകുന്നതിന് യാത്ര ചെലവിന് സഹായം നൽകണമെന്ന ശ്രീ. യോഹന്നാൻെറ അപേക്ഷയിൻ മേൽ അയ്യായിരം രൂപ ധനസഹായം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly